# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4202** **24.06.2019 ലെ മറുപടി**

**കടലുണ്ടിപ്പുഴയുടെ തീരങ്ങൾ പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുന്നതിന് നടപടി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.ഉബൈദുള്ള :** | **കെ.കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) പ്രളയം മൂലം നശിച്ച കടലുണ്ടിപ്പുഴയുടെ തീരങ്ങൾ എസ്.ഡി.ആർ.എഫ്. ഉപയോഗപ്പെടുത്തി പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുന്നതിന് മലപ്പുറം മണ്ഡലത്തിൽ നിന്നും എത്ര പ്രൊപ്പോസലുകൾ ലഭിച്ചുവെന്ന് വ്യക്തമാക്കാമോ;<br><br>(ബി) അതിൻപ്രകാരം ഇതുവരെ ഏതെല്ലാം പദ്ധതികൾക്ക് അംഗീകാരം നൽകിയെന്നും അനുവദിച്ച തുകയും വെളിപ്പെടുത്തുമോ; | (എ) & (ബി) താഴെ പറയുന്ന മൂന്ന് പ്രവൃത്തികളുടെ പ്രൊപ്പോസലുകൾ ലഭിക്കുകയും അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്:-<br><br>1) മലപ്പുറം മുനിസിപ്പാലിറ്റിയിൽ വാർഡ് നം.20 ചെമ്മങ്കടവ് തെക്കേത്തല റീച്ച്-1 കടലുണ്ടിപ്പുഴയുടെ വലതുകരയുടെ അടിയന്തര അറ്റകുറ്റ പണികൾ- 19.10 ലക്ഷം രൂപയുടെ പ്രവർത്തിക്കുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.<br>2) മലപ്പുറം മുനിസിപ്പാലിറ്റിയിൽ വാർഡ് നം.13 കൂട്ടമണ്ണക്കടുത്ത് കടലുണ്ടിപ്പുഴയുടെ വലതുകരയുടെ അടിയന്തിര അറ്റകുറ്റ പണികൾ - 16.9 ലക്ഷം രൂപയുടെ പ്രവർത്തിക്കുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു<br><br>3) കോഡൂർ പഞ്ചായത്തിലെ ആനക്കടവ് കിഴക്കെത്തൊടി റോഡിന്റെ സൈഡിലായി കടലുണ്ടിപ്പുഴയുടെ ഇടതുകരയിലെ അടിയന്തിര അറ്റകുറ്റ പണികൾ - 18.00 ലക്ഷം രൂപയുടെ പ്രവർത്തിക്കുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. |
| (സി) പരിഗണനയിലുള്ള മറ്റു പദ്ധതികൾക്കുകൂടി എന്നത്തേക്ക് ഭരണാനുമതി നൽകാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (സി) പരിഗണനയിലുള്ള മറ്റൊരു പദ്ധതിയായ മലപ്പുറം നഗരസഭയിലെ 14-ാം വാർഡിലെ ഹാപ്പിവാലി താമരക്കുഴി എന്ന ഭാഗത്ത്, കടലുണ്ടിപ്പുഴയുടെ വലതുകരയുടെ അടിയന്തിര അറ്റകുറ്റ പണികൾ. ഈ പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റ് SDRF ൽ ഉൾപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ